**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** | **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. കർഷക ക്ഷേമനിധി ആക്ടിലെ (2019 ലെ 26-ാം നമ്പർ ആക്ട്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബറിൽ കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും, കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. ബോർഡിന്റെ ഘടന താഴേ പറയും പ്രകാരമാണ്.<br><br>1. ചെയർമാൻ<br><br>2. കാർഷികോല്പാദന കമ്മീഷണർ (ഡയറക്ടർ)<br><br>3. കൃഷി വകുപ്പ് സെക്രട്ടറി (ഡയറക്ടർ)<br><br>4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ (ഡയറക്ടർ)<br><br>5. മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ (ഡയറക്ടർ)<br><br>6. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ)<br><br>7. നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (ഡയറക്ടർ)<br><br>8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വി.എഫ്.പി.സി.കെ (ഡയറക്ടർ) |

| | | | |
|---|---|---|---|
| | | | 9. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കാർഷിക മേഖലയിൽ നിന്നുള്ള വിദഗ്ധൻ (ഡയറക്ടർ)<br><br>10. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കർഷക പ്രതിനിധികൾ (ഡയറക്ടർ)<br><br>11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ & മെമ്പർ സെക്രട്ടറി<br><br>ഡോ. പി.രാജേന്ദ്രൻ ചെയർമാനായും ശ്രീ.എസ്. സുബ്രഹ്മണ്യൻ ഐ.ഐ.എസ്, സി.ഇ.ഒ ആയും മറ്റു 22 പേർ അടങ്ങുന്നതുമായ ക്ഷേമനിധി ബോർഡിന്റെ പ്രഥമ യോഗം 04.11.2020 ന് ചേരുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. |
| (ബി) | പ്രസ്തുത ക്ഷേമനിധി ബോർഡ് കർഷകർക്ക് നൽകുന്ന പെൻഷൻ തുക നിശ്ചയിച്ചിട്ടുണ്ടോ; ആയതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; കൃഷി വകുപ്പും ധനകാര്യ വകുപ്പും തമ്മിൽ അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നുണ്ടോ; പെൻഷൻ തുക നിശ്ചയിച്ചതിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ക്ഷേമനിധി ബോർഡ് മുഖേന നൽകുന്ന പരമാവധി പെൻഷൻ തുക എത്രയെന്നു നിശ്ചയിച്ചിട്ടില്ല. അടച്ച അംശദായത്തിന്റെയും അംഗമായി തുടർന്ന വർഷങ്ങളുടെ അടിസ്ഥാനത്തിലുമാണ് പെൻഷൻ തുക ഓരോ കർഷകനും നിശ്ചയിക്കുന്നത്. പെൻഷൻ തുക സംബന്ധിച്ച് കേരള കർഷക ക്ഷേമനിധി പദ്ധതി രേഖയുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |
| (സി) | കർഷക ക്ഷേമനിധി ബോർഡിൽ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; രജിസ്ട്രേഷൻ നടപടികൾ ഏത് രീതിയിലാണ് നടക്കുന്നതെന്ന് വിശദീകരിക്കാമോ; | (സി) | ഉണ്ട്. നാളിതുവരെ 13020 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായ സംവിധാനമാണ് രജിസ്ട്രേഷനും പണമിടപാടിനും വേണ്ടി തയ്യാറാക്കിയിരിക്കുന്നത്.<br><br>കേരള കർഷക ക്ഷേമ നിധി പദ്ധതിയിൽ www.kfwfb.kerala.gov.in എന്ന പോർട്ടൽ വഴി കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്തു വരുന്നു. പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന് പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരം ഉള്ള രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതും രജിസ്ട്രേഷൻ ഫീ ആയി 100 രൂപ ഓൺലൈനായി അടക്കേണ്ടതുമാണ്. ഓൺലൈൻ ആയി നൽകുന്ന അപേക്ഷകൾ ബന്ധപ്പെട്ട കൃഷി ഓഫീസർ അംഗീകരിച്ച ശേഷം ബോർഡിന്റെ ബന്ധപ്പെട്ട മേഖല ഓഫീസിലെ അസിസ്റ്റന്റ് CEO യുടെ ലോഗിനിൽ എത്തുന്നു. ഇത് അംഗീകരിക്കുന്നതോടു കൂടി അപേക്ഷൻ ക്ഷേമനിധി ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്യപ്പെടുകയും ഈ വിവരം അപേക്ഷകന്റെ മൊബൈൽ ഫോണിലേയ്ക്ക് എത്തുകയും, അപേക്ഷകന് അംശദായം ഓൺലൈൻ ആയി അടച്ചു തുടങ്ങാവുന്നതുമാണ്. അപേക്ഷയുടെ തൽസ്ഥിതി |

| | | | |
|---|---|---|---|
| | | | അംഗത്തിന് എപ്പോൾ വേണമെങ്കിലും പോർട്ടലിൽ നിന്നും അറിയാനാവുന്നതും അപേക്ഷയിലുള്ള അപാകതകൾ പരിഹരിക്കാവുന്നതുമാണ്. |
| (ഡി) | പ്രസ്തുത ക്ഷേമനിധി ബോർഡിലേക്ക് എപ്രകാരമാണ് വരുമാനം മൊബിലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>നാളിതുവരെയായി സർക്കാർ ഉദ്ദേശിച്ച രീതിയിൽ വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;<br>ബോർഡ് നിലവിൽ വന്നതിന് ശേഷം പെൻഷൻ നൽകി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷക ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിക്കുന്നതിനും വിജ്ഞാപനം വഴി ഒരു നിധി സർക്കാർ രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽ നിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. കേരള കർഷകക്ഷേമ നിധി പദ്ധതി രേഖയുടെ കരട് അംഗീകരിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്. നിധിയിലേക്ക് താഴെ പറയും പ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് ആക്ട് വ്യവസ്ഥ ചെയ്യുന്നു.<br><br>1. അംഗങ്ങളുടെ നിധിയിലേക്കുള്ള അംശദായം;<br><br>2. കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവ് ആയി നിധിയിലേക്ക് നൽകുന്ന തുക;<br><br>3. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;<br><br>4. ക്ഷേമനിധി ആക്ടിലെ 8-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിനു ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250/- രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം;<br><br>5. അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശികയും പലിശയും;<br><br>6. 2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ‘കിസ്സാൻ അഭിമാൻ പദ്ധതി’ പ്രകാരം ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള തുക; |

| | | | |
|---|---|---|---|
| | | | 7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ;<br><br>8. 2013- ലെ കമ്പനി നിയമ പ്രകാരമുള്ള (2013 -ലെ 18 -ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;<br><br>9. കിസ്സാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;<br><br>10. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;<br><br>11. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;<br><br>12. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടു കൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും, മറ്റേതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;<br><br>13. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക; പദ്ധതിയിൽ ചേർന്ന് കുറഞ്ഞത് 5 വർഷം അംശദായം അടയ്ക്കുകയും 60 വയസ്സ് പൂർത്തീകരിക്കുകയും ചെയ്ത കർഷകരാണ് പെൻഷന് അർഹരാകുക.<br><br>നാളിതുവരെയായി അംശദായം ഇനത്തിൽ 56,15,600 രൂപ നിധിയിൽ ലഭിച്ചിട്ടുണ്ട്. അംഗത്വം നല്കിത്തുടങ്ങിയ വർഷമായതിനാലും അഞ്ചു വർഷം തുടർച്ചയായി അംശദായം അടച്ചവർക്കാണ് പെൻഷന് അർഹത എന്നതിനാലും, ആദ്യ ഗഡു പെൻഷൻ നല്കാൻ ഇനി നാല് വർഷത്തിലധികം ബാക്കി നില്ക്കുന്നു എന്നതിനാൽ പെൻഷൻ നൽകി തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ